KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.1 Issue.8 October 2021

# ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ സാധാരണക്കാരിലേക്ക്

**എറണാകുളം**





കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ മാറ്റങ്ങൾക്ക് കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ വഴിയൊരുക്കുമെന്ന് ബഹു: സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ. എറണാകുളം കാക്കനാട് നടന്ന കേരള ബാങ്ക് ഐ.ടി. ഇന്റഗ്രേഷൻ കിക്കോഫ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. നൂതന ബാങ്കുകൾ നൽകുന്ന ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെയും സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. ഇത്തരം നടപടികൾ ത്വരിതഗതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നതിന്റെ ഭാഗമായാണ് ഐടി ഇന്റഗ്രേഷൻ നടപ്പാക്കുന്നത്. ഐടി ഇന്റഗ്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരള ബാങ്കിന്റെ 769 ശാഖകൾക്കും റിസർവ് ബാങ്ക് അംഗീകാരം ലഭിച്ചു കഴിഞ്ഞു. 61.99 കോടി രൂപയാണ് അറ്റാദായം, എൻ.ആർ.ഐ നിക്ഷേപം കൂടി വരുന്നതോടെ കേരളത്തിന്റെ തനത് ബാങ്കായി കേരള ബാങ്ക് ഒന്നാം സ്ഥാനത്ത് എത്തുമെന്ന് ഉറപ്പാണെന്നും മന്ത്രി പറഞ്ഞു.

13 മുൻ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാകുന്ന അത്യാധുനീക ബാങ്കായി കേരള ബാങ്ക് മാറണം. കേരളത്തിലെ നമ്പർ വൺ ബാങ്കാവുക എന്നതാണ് കേരള ബാങ്ക് ലക്ഷ്യമിടുന്നത്. ലോകപ്രശസ്ത സോഫ്റ്റ് വെയർ കമ്പനിയായ ഇൻഫോസിസിന്റെ 'ഫിനക്കിൾ' എന്ന ബാങ്കിംഗ് സോഫ്റ്റ് വെയറാണ് കോർ ബാങ്കിംഗിനായി കേരള ബാങ്കിന് ലഭ്യമാകുന്നത്. ഫിനക്കിളിന്റെ ഏറ്റവും ആധുനികമായ വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്ക് കൂടിയാണ് കേരള ബാങ്ക്. ബാങ്കിലെ സോഫ്റ്റ് വെയർ ഏകീകരണത്തിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ് സേവനദാതാക്കളായ വിപ്രോയാണ് ചുമതല ഏറ്റെടുത്തിട്ടുള്ളത്. 2022 മാർച്ച് 31 ന് ഐ ടി ഇന്റഗ്രേഷൻ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ചടങ്ങിൽ കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ അധ്യക്ഷത വഹിച്ചു. സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി. മിനി ആൻറണി ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. കേരള ബാങ്ക് വൈസ് പ്രസിഡൻറ് ശ്രീ എം.കെ കണ്ണൻ, ബാങ്ക് ഭരണസമിതി അംഗം, അഡ്വ. പുഷ്പദാസ്, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്.രാജൻ, ചീഫ് ജനറൽ മാനേജർ, ശ്രീ.കെ.സി. സഹദേവൻ, റീജിയണൽ ജനറൽ മാനേജർ, ശ്രീ. ജോളി ജോൺ തുടങ്ങിയവർ സംസാരിച്ചു.

# ചുമട്ട് തൊഴിലാളികൾക്കായി പരസ്പര ജാമ്യ വായ്പ

**കൊല്ലം**



ചുമട്ട തൊഴിലാളി ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന പരസ്പര ജാമ്യ വായ്പയുടെ സംസ്ഥാന തല ഉദ്ഘാടനം ബഹു:സഹകരണ വകുപ്പ് മന്ത്രി ശ്രീ.വി.എൻ. വാസവൻ ഓൺലൈനിലൂടെ നിർവഹിക്കുന്നു

ചുമട്ട തൊഴിലാളി ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന പരസ്പര ജാമ്യ വായ്പയുടെ സംസ്ഥാന തല ഉദ്ഘാടനം സഹകരണ രജിസ്ട്രേഷൻ മന്ത്രി ശ്രീ.വി.എൻ. വാസവൻ നിർവഹിച്ചു. കേരള ബാങ്ക് കൊല്ലം സി.പി.സി.യുടെ മിനി ഓഡിറ്റോറിയത്തിൽ ചേർന്ന ചടങ്ങ് മന്ത്രി ഓൺലൈനിലൂടെയാണ് ഉദ്ഘാടനം ചെയ്തത്.

കോവിഡ് മഹാമാരിക്കാലത്ത് അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് അവശ്യം വേണ്ട സഹായങ്ങൾ നൽകുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ മേഖലകളിലും പരമാവധി സഹായം എത്തിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുള്ള വായ്പാ സഹായം സർക്കാർ നിർദ്ദേശ പ്രകാരം കേരള ബാങ്കാണ് ആസൂത്രണം ചെയ്തത്. പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കുന്നത്. ക്ഷേമനിധി അംഗങ്ങളായ ചുമട്ട തൊഴിലാളികൾക്ക് കേരള ബാങ്കിന്റെ ശാഖകളിൽ നിന്നും വായ്പ ലഭ്യമാക്കും.

കേരള ബാങ്ക് പ്രസിഡന്റ് ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ അദ്ധ്യക്ഷനായ ചടങ്ങിൽ വായ്പാ പദ്ധതിയെ കുറിച്ച് ബാങ്ക് സിഇഒ, ശ്രീ.പി.എസ്. രാജൻ വിശദീകരിച്ചു. ഡയറക്ടർ ശ്രീ.എസ്. ഹരിശങ്കർ, ബാങ്ക് ചീഫ് ജനറൽ മാനേജർ ശ്രീ.കെ.സി. സഹദേവൻ എന്നിവർ ആശംസ പ്രസംഗം നടത്തി. ഡയറക്ടർ ശ്രീ.ജി. ലാലു സ്വാഗതവും കേരള ബാങ്ക് കൊല്ലം സിപിസി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.ആർ. രവി നന്ദിയും പറഞ്ഞു.

NABARD
Published with assistance from NABARD under Co-operative Development Fund

അവലോകന യോഗം

# പ്രസിഡന്റ് മുതൽ ബ്രാഞ്ച് മാനേജർമാർ വരെ 847 പേർ പങ്കെടുത്തു.

വായ്പയ്ക്കായി സമീപിക്കുന്നവരെ സൗഹാർദ്ദപരമായി പരിഗണിക്കണമെന്ന് സഹകരണ മന്ത്രി ശ്രീ. വി. എൻ. വാസവൻ. കേരള ബാങ്ക് അവലോകന യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം. നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടു വരുന്നതിന് ഓഗസ്റ്റ് മാസം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ നടപ്പാക്കിയതോടെ ഒരു മാസം കൊണ്ട് 848 കോടി രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ ബാങ്കിന് കഴിഞ്ഞതായി യോഗം വിലയിരുത്തി. വരും മാസങ്ങളിലും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ സജീവമായി നടപ്പിലാക്കാൻ മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു. ഒരു മാസത്തിനിടയിൽ ഇത്രയധികം നിഷ്ക്രിയ ആസ്തി കുറയ്ക്കാനായി പ്രവർത്തിച്ച ജീവനക്കാരെ മന്ത്രി അഭിനന്ദിച്ചു. ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനമാണ് കോവിഡ് കാലത്ത് ബാങ്കിനെ പ്രവർത്തന ലാഭത്തിലേയ്ക്ക് നയിച്ചതെന്നും മന്ത്രി പറഞ്ഞു.

ചെറുകിട കച്ചവടക്കാരെ കടക്കെണിയിൽ നിന്നും രക്ഷിക്കാനായി 5 ലക്ഷം രൂപവരെ വായ്പയെടുത്തിട്ടുള്ളതും അഞ്ച് ലക്ഷത്തിൽ താഴെ കുടിശികയുള്ളതുമായ വായ്പകളിൽ മുതലിൽ ഇളവു നൽകാനുള്ള അനുമതിക്കായി അപേക്ഷ സർക്കാരിനു നൽകാൻ യോഗം തീരുമാനിച്ചു. ബോധപൂർവ്വമല്ലാതെ തിരിച്ചടവ് മുടങ്ങിയർ, മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ, അപകടം മൂലം കിടപ്പിലായവർ, കിടപ്പാടത്തിനായുള്ള അഞ്ച് സെന്റ് ഭൂമിയും അതിൽ വീടല്ലാതെ മറ്റ് ആസ്തികളൊന്നുമില്ലാത്തവർ, മറ്റു തരത്തിലുള്ള വരുമാനം ഇല്ലാത്തവർ തുടങ്ങിയവർക്കായിരിക്കും വായ്പാ മുതലിൽ ഇളവ് ലഭിക്കുക.

ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ചെറുകിട കച്ചവടക്കാർക്കും ബസ് ഉടമകൾക്കും കുടുംബശ്രീ അംഗങ്ങൾക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനായി അഞ്ചു ലക്ഷം രൂപ വരെ ജാമ്യമില്ലാതെ വായ്പ നൽകുന്നതിനായി തയ്യാറാക്കിയ കെ ബി സുവിധപ്ലസ് പദ്ധതിയെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു. പദ്ധതി ആരംഭിക്കുന്നതിനും തീരുമാനമായി. കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതുതലമുറ ബാങ്കുകൾക്ക് സമാനമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള പരിപാടികളും യോഗം ചർച്ച ചെയ്തു. പ്രൊഫഷണലിസം കൂടുതൽ മികവോടെ നടപ്പിലാക്കാനുള്ള നടപടികളും യോഗത്തിൽ ചർച്ചയായി. ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഉന്നത ഉദ്യോഗസ്ഥരും ബാങ്ക് ഭരണ സമിതിയും വകുപ്പ് മന്ത്രിയുമടങ്ങുന്നവരുടെ അവലോകന യോഗം പതിവായി ചേരുന്നത്. ബാങ്കിന്റെ പ്രവർത്തനം കൃത്യമായി ഭരണ സമിതി വിലയിരുത്തുകയും എല്ലാ മാസങ്ങളിലും മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവലോകന യോഗം ചേരുന്നതിനും നേരത്തെ സ്വീകരിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു യോഗം ചേർന്നത്.

ഓൺലൈനിൽ നടന്ന അവലോകന യോഗത്തിൽ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, വൈസ് പ്രസിഡന്റ് ശ്രീ. എം. കെ. കണ്ണൻ, സിഇഒ ശ്രീ. പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ, ജനറൽ മാനേജർമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാർ, എല്ലാ ജില്ലകളിലെയും ബ്രാഞ്ച് മാനേജർമാർ എന്നിവരടക്കം 847 പേർ പങ്കെടുത്തു.

## പത്തനംതിട്ട



പത്തനംതിട്ട തോന്നല്ലൂർ ഇളശേരിൽ ശ്രീമതി. കെ. രാജമ്മയുടെ വായ്പാ കുടിശ്ശിക അടച്ചു തീർത്ത് അവരുടെ പ്രമാണം തിരികെ നൽകി മഹത്തായ കാരുണ്യ പ്രവർത്തനം നടത്തിയ കേരള ബാങ്ക് പന്തളം ശാഖയിലെ മാനേജർ, ശ്രീമതി.കെ.സുശീലയെ ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടമുറിക്കൽ ഉപഹാരം നൽകി ആദരിക്കുന്നു.

## തൃശ്ശൂർ




നബാർഡിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ ഫണ്ട് പ്രകാരം കേരള ബാങ്കിന് ലഭിച്ച എ.റ്റി.എം ഡെമോൺസ്ട്രേഷൻ വാനിന്റെ പ്രവർത്തനം തൃശ്ശൂർ കോവിലകത്തുംപാടം ബാങ്കിന്റെ റീജിയണൽ ഓഫീസിൽ ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ. എം.കെ കണ്ണൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു. റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ സമീപം.

## പാലക്കാട്



ലീഡ് ബാങ്കിന്റെയും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെയും ആഭിമുഖ്യത്തിൽ പാലക്കാട് നടന്ന സമൃദ്ധി വായ്പാ മഹോത്സവം (ക്രെഡിറ്റ് ഔട്ട്റീച് പ്രോഗ്രാം) പാലക്കാട് ജില്ലാ കളക്ടർ ശ്രീമതി. മൃണ്മയി ജോഷി ഐഎഎസ് ഉദ്ഘാടനം ചെയ്തു. മഹോത്സവത്തിൽ ബാങ്ക് എടിഎം ഡെമോൺസ്ട്രേഷൻ വാൻ സന്ദർശിച്ച കളക്ടറോട് വാനിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പാലക്കാട് റീജിയണൽ മാനേജർ, ശ്രീമതി.പ്രീത കെ. മേനോൻ വിശദീകരിക്കുന്നു. നബാർഡ് ഡിഡിഎം, ശ്രീമതി. കവിതാ റാം സമീപം.

ക്രെഡിറ്റ് ഔട്ട്റീച് പ്രോഗ്രാമിൽ 15 കമേർഷ്യൽ ബാങ്കുകൾക്കൊപ്പം കേരളബാങ്കിന്റെ സ്റ്റാളും ഉണ്ടായിരുന്നു. കേരളബാങ്ക് നൽകിയ പത്തോളം വായ്പകൾ ചടങ്ങിൽ വെച്ച് വിതരണം ചെയ്തു. സ്റ്റാൾ സന്ദർശിച്ചവർക്ക് വിവിധ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ നൽകി.



ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ തിരുവനന്തപുരം ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ, അഡ്വ. എസ്. ഷാജഹാൻ സമീപം.



ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ കൊല്ലം ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ, അഡ്വ.ജി. ലാലു സമീപം



ബാങ്ക് ഡയറക്ടർ, ശ്രീമതി. എസ്. നിർമ്മലാ ദേവി പത്തനംതിട്ട ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.



ബാങ്ക് ഡയറക്ടർ, ശ്രീ.എം. സത്യപാലൻ ആലപ്പുഴ ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു



ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ കോട്ടയം ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ, ശ്രീ.കെ.ജെ. ഫിലിപ്പ് കുഴികുളം സമീപം.



അന്താരാഷ്ട്ര സഹകരണ ദിനത്തോടനുബന്ധിച്ച് കേരള ബാങ്ക് കുട്ടികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിന്റെ സംസ്ഥാന തല വിജയികളും അവരുടെ മാതാപിതാക്കളും ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കലിനൊപ്പം



ബാങ്ക് ഡയറക്ടർ ശ്രീ.കെ.വി. ശശി ഇടുക്കി ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.



ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ എറണാകുളം ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു



ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ തൃശ്ശൂർ ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.



ബാങ്ക് ഡയറക്ടർ, ശ്രീ.എ.പ്രഭാകരൻ, എംഎൽഎ, പാലക്കാട് ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.



ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. രമേശ് ബാബു കോഴിക്കോട് ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. നബാർഡ് ഡിഡിഎം, ശ്രീ. എ. മുഹമ്മദ് റിയാസ് സമീപം.



കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ജനറൽ മാനേജർ, ശ്രീ. സി. അബ്ദുൽ മുജീബ് വയനാട് ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു.



ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ കണ്ണൂർ ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ, ശ്രീമതി. കെ.ജി. വത്സലകുമാരി സമീപം



സഹകരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ശ്രീമതി. വീണ പി.വി. കാസർഗോഡ് ജില്ലയിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ, ശ്രീ.സാബു അബ്രഹാം സമീപം.

# Transforming Villages. Ensuring Prosperity.




NABARD

**Development Bank of the Nation**

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905